**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4444** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റസിഡന്‍ഷ്യല്‍ സ്കൂളുകള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എത്ര റസിഡന്‍ഷ്യല്‍ സ്കൂളുകളാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത സ്കൂളുകളിൽ എത്ര വീതം എസ്.സി. , എസ്.റ്റി., ഒ.ബി.സി. വിദ്യാർത്ഥികൾ പഠിച്ചുവരുന്നു എന്നു വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ 11 മോഡൽ റസിഡന്‍ഷ്യല്‍ സ്കൂളുകളാണുള്ളത് നിലവിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എല്ലാ മോഡൽ റസിഡന്‍ഷ്യല്‍ സ്കൂളുകളിലുമായി എസ്.സി. വിഭാഗത്തിൽ 1164 വിദ്യാർത്ഥികളും എസ്.റ്റി. വിഭാഗത്തിൽ 499 കുട്ടികളും ഒ.ബി.സി. വിഭാഗത്തിൽ 79 വിദ്യാർത്ഥികളും പഠനം നടത്തിവരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 22 മോഡൽ റസിഡന്‍ഷ്യല്‍ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ടി മോഡൽ റസിഡന്‍ഷ്യല്‍ വിദ്യാലയങ്ങളിൽ 399 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും 4902 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും 132 ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും നിലവിൽ പഠനം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത സ്കൂളുകളുടെ അക്കാഡമിക് നിലവാരം ഉന്നതനിലവാരത്തിലെത്തിക്കാൻ ഏതെല്ലാം വിഷയങ്ങളിൽ എത്ര അദ്ധ്യാപകർ വീതം വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡന്‍ഷ്യല്‍ സ്കൂളുകളിൽ താഴെചേർക്കും പ്രകാരം അദ്ധ്യാപകർ വേണമെന്ന് നിർഷ്കർഷിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള സ്കൂളുകളിൽ അധ്യാപകരെ നിയമിക്കുന്നത് 05/11/2008 ലെ GO (MS)No.107/2008/പജപവ.വിവ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.<br><br>ഹെഡ്മാസ്റ്റർ - 1<br><br>എച്ച്.എസ്.റ്റി മലയാളം -2<br><br>എച്ച്.എസ്.റ്റി ഇംഗ്ലീഷ് -1<br><br>എച്ച്.എസ്.റ്റി ഗണിതം - 2 |

| | | | |
|---|---|---|---|
| | | | എച്ച്.എസ്.റ്റി സോഷ്യൽ സയൻസ് - 1<br><br>എച്ച്.എസ്.റ്റി ഹിന്ദി - 1<br><br>എച്ച്.എസ്.റ്റി നാച്ചറൽ സയൻസ് - 1<br><br>എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ് - 1<br><br>ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ -1<br><br>സ്പെഷ്യൽ ടീച്ചർ (മ്യൂസിക്) - 1<br><br>മാനേജർ കം റസിഡൻറ് ട്യൂട്ടർ (എച്ച്. എസ്. റ്റി) - 1<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ "ഇൻ അഡിഷൻ ടു ദ കേഡർ" തസ്തികകളാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഉള്ളത്. എന്നാൽ 2010 ന് ശേഷം ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ സ്ഥിര അധ്യാപകരെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിയമിച്ചു നൽകിയിട്ടില്ല. ടി ബാച്ചുകളിൽ കരാർ / ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ച് വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കിയിട്ടുണ്ട്.<br><br>ഹൈസ്കൂൾ അദ്ധ്യാപക തസ്തിക സംബന്ധിച്ചുള്ള വിവരം **അനുബന്ധം - i** ആയും ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തിക സംബന്ധിച്ച വിവരം **അനുബന്ധം - II** കൊടുത്തിരിക്കുന്നു. |
| (സി) | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് പൊതുവായ മാർഗ്ഗ നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ച് എത്ര അദ്ധ്യാപകരെ ഓരോ സ്കൂളുകളിലും നിയോഗിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ? | (സി) | പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ചെയർമാനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കൺവീനറുമായ കമ്മിറ്റിയാണ് യോഗ്യരായ അദ്ധ്യാപകരെ മോഡൽ റസിഡൻഷ്യൽ സ്കൂളിലേയ്ക്ക് തെരെഞ്ഞെടുക്കുന്നത്. നിലവിൽ 104 സ്ഥിരാധ്യാപകർ പട്ടികജാതി വകുപ്പിന് കീഴിലുള്ള എം.ആർ.എസുകളിൽ ജോലി ചെയ്ത് വരുന്നുണ്ട്. അപേക്ഷകരുടെ കുറവ് മൂലം സ്ഥിരാദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യത്തിൽ ജില്ലാ കളക്ടർ ചെയർമാനായ സമിതി കൂടിക്കാഴ്ച്ച നടത്തി യോഗ്യത ഉറപ്പാക്കി താൽക്കാലികാധ്യാപകരെ നിയമിക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് പൊതുവായ മാർഗ്ഗ നിർദ്ദേശം നിലവിലുണ്ട്. 05/11/2008 ലെ G.O |

| | | | |
|---|---|---|---|
| | | | (MS)No.107/2008/പജ.പവ.വിവ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അധ്യാപകരെ നിയമിക്കുന്നത്. അപ്രകാരം നിയമിച്ചിട്ടുള്ള അധ്യാപകരുടെ വിവരങ്ങൾ സ്കൂൾ തിരിച്ച് **അനുബന്ധം - III** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

| ക്രമ നം | അദ്ധ്യാപക തസ്തിക | 5 മുതൽ 10 വരെയുള്ള സ്കൂളുകൾ | 1 മുതൽ 10 വരെ യുള്ള സ്കൂളുകൾ | 6 മുതൽ 10 വരെ യുള്ള സ്കൂളുകൾ |
|---|---|---|---|---|
| 1 | ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ്സ് | 1 | 1 | 1 |
| 2 | ഹൈസ്കൂൾ അസിസ്റ്റന്റ് | 6 | 6 | 10 |
| 3 | ഗ്രാജ്വേറ്റ് ഹിന്ദി ടീച്ചർ | 1 | 1 | 2 |
| 4 | ഗ്രാജ്വേറ്റ് മലയാളം ടീച്ചർ | 2 | 2 | 3 |
| 5 | സ്പെഷ്യൽ ടീച്ചർ (ഫിസിക്കൽ എഡ്യൂക്കേഷൻ ) | 1 | 1 | 1 |
| 6 | സ്പെഷ്യൽ ടീച്ചർ (മ്യൂസിക് / ഡ്രോയിംഗ്) | 1 | 1 | 1 |
| 7 | മാനേജർ കം റസിഡന്റ് ട്യൂട്ടർ | 1 | 1 | 1 |
| 8 | പ്രൈമറി ഡിപ്പാർട്ട്മെന്റ് ടീച്ചർ | | 4 | |

സെക്ഷൻ ഓഫീസർ

## അനുബന്ധം – II

| ക്രമ നമ്പർ | വിഷയം | പ്ലസ് വൺ തസ്തിക | പ്ലസ് ടു തസ്തിക | ആകെ തസ്തിക |
|---|---|---|---|---|
| | പ്രിൻസിപ്പൽ – 1 | | | |
| 1 | ഇംഗ്ലീഷ് | 1 | 1 | 2 |
| 2 | ഫിസിക്സ് | 1 | | |
| 3 | കെമിസ്ട്രി | 1 | | |
| 4 | കണക്ക് | 1 | | |
| 5 | സുവോളജി | 1 | | |
| 6 | ബോട്ടണി | 1 | | |
| 7 | ഹിസ്റ്ററി | 1 | | |
| 8 | പൊളിറ്റിക്കൽ സയൻസ് | 1 | | |
| 9 | ജ്യോഗ്രഫി | 1 | | |
| 10 | ഇക്കണോമിക്സ് | 1 | 1 | 2 |
| 11 | ബിസിനസ് സ്റ്റഡീസ് & അക്കൗണ്ടൻസി | 1 | 1 | 2 |
| 12 | പാർട്ട് – II സെക്കൻഡ് ലാംഗ്വേജ് | 3 ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാർ (ജൂനിയർ ) [ വിദ്യാർത്ഥികളുടെ ഓപ്ഷൻ അനുസരിച്ച് വിഷയം കണക്കാക്കുന്നു.] | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം – III

| ക്രമ നം | മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പേര് | അധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | എം.ആർ.എസ്. കട്ടേല | 26 |
| 2 | എം.ആർ.എസ്. കുളത്തൂപ്പുഴ | 9 |
| 3 | എം.ആർ.എസ്. വടശ്ശേരിക്കര | 15 |
| 4 | എം.ആർ.എസ്. ഏറ്റുമാനൂർ | 8 |
| 5 | എം.ആർ.എസ്. ഇടുക്കി | 12 |
| 6 | എം.ആർ.എസ്. മൂന്നാർ | 15 |
| 7 | എം.ആർ.എസ്. ചാലക്കുടി | 12 |
| 8 | എം.ആർ.എസ്. മലമ്പുഴ | 17 |
| 9 | എം.ആർ.എസ്. അട്ടപ്പാടി | 8 |
| 10 | എം.ആർ.എസ്. കണിയാമ്പറ്റ | 12 |
| 11 | ഇ.എം.ആർ.എസ്. പൂക്കോട് | 18 |
| 12 | എം.ആർ.എസ്. തിരുനെല്ലി | 10 |
| 13 | എം.ആർ.എസ്. നല്ലൂർനാട് | 24 |
| 14 | എം.ആർ.എസ്. നൂൽപ്പുഴ | 24 |
| 15 | എം.ആർ.എസ്. നിലമ്പൂർ | 15 |
| 16 | എം.ആർ.എസ്. കണ്ണൂർ | 28 |
| 17 | എം.ആർ.എസ്. കാസർഗോഡ് | 16 |
| | | |
| | **ആകെ** | **269** |

**സെക്ഷൻ ഓഫീസർ**